# കൊവിഡ് 19 - രണ്ടാം തരംഗം - ലോക്ക് ഡൗണും ജോലി ക്രമീകരണവും 2021ൽ

കൊവിഡ് 19 മഹാമാരിയുടെ രണ്ടാം തരംഗത്തിൽ ലോക്ക് ഡൌണുമായി ബന്ധപ്പെട്ട് 2021 ഏപ്രിൽ മുതൽ ജൂൺ വരെ ജീവനക്കാർ ഓഫീസിലെത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി സർക്കാർ ഉത്തരവുകൾ നിലവിൽ വന്നിട്ടുണ്ട്. ഹാജർ പുസ്തകത്തിൽ കൃത്യമായി ചേർത്ത് പരിപാലിക്കുന്നതിനായി, അങ്ങനെയുള്ള ഓഫീസ് ജോലി ക്രമീകരണങ്ങളും പ്രധാനപ്പെട്ട ഉത്തരവുകളും എന്തൊക്കെയാണെന്ന് പരിശോധിക്കാം.

(താഴെ ചുവന്ന നിറത്തിൽ കാണുന്ന ഉത്തരവ് നമ്പറിൽ ക്ലിക്ക് ചെയ്താൽ, ബന്ധപ്പെട്ട ഉത്തരവുകൾ ഡൌൺലോഡ് ചെയ്യാവുന്നതാണ്).

**GO (P) No. 1247/2020, dated 20.03.2020**

ജീവനക്കാരുടെ വീടുകളിൽ **Home quarantine** നിർദ്ദേശിക്കപ്പെട്ടവർ ഉണ്ടെങ്കിൽ അത്തരം ജീവനക്കാർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 14 ദിവസത്തെ **special casual leave** അനുവദിക്കാം.

**GO(MS) 128/2020 dt.02.07.2020**

Quarantine നിർദ്ദേശിക്കപ്പെട്ട ജീവനക്കാർക്ക്, സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവ് **special casual leave** അനുവദിച്ച് **work from home** നൽകാം.

1. **G.O.(Rt)No.378/2021/DMD Dated, 21/04/2021**

24.04.2021 ശനിയാഴ്ച അവധി. അവശ്യ സർവ്വീസുകൾ, **Covid containment**-സേവന ജോലികൾ ചെയ്യുന്ന വകുപ്പുകൾ, വനം, എക്സൈസ് എന്നീ വകുപ്പുകളുടെ ഫീൽഡ് സ്റ്റാഫ് ഒഴികെയുള്ള എല്ലാ ഓഫീസുകളിലും റൊട്ടേഷൻ ക്രമത്തിൽ 50% ജീവനക്കാരെ **work from home** അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ അനുവദിക്കാം. ഇ-ഓഫീസ് സൌകര്യമില്ലെങ്കിൽ, ഇത്തരം ഓഫീസുകളിലെ ജീവനക്കാരെ ജില്ലാ കലക്ടർമാരുടെ കീഴിൽ കൊവിഡ് ഡ്യൂട്ടിക്കായി നിയോഗിക്കണം.

2. **G.O.(Rt)No.383/2021/DMD Dated, 26/04/2021**

അവശ്യ സർവ്വീസുകൾക്ക് മാത്രം ശനിയും ഞായറും പ്രവർത്തിക്കാം. എല്ലാ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഇനിയൊരു ഉത്തരവുണ്ടാകുന്നതു വരെ ശനിയാഴ്ചകളിൽ അവധി. എല്ലാ വകുപ്പുകളും അതാത് വകുപ്പ് മേധാവി തീരുമാനിക്കുന്ന പ്രകാരം അത്യാവശ്യമുള്ള ജീവനക്കാരെമാത്രം വെച്ച് പ്രവർത്തിപ്പിക്കാം. അവശ്യസേവന വിഭാഗമായ **Health, Revenue, Disaster Management, Police, LSGD, Labour, Food and Civil Supplies** എന്നിവയ്ക്ക് ഈ നിയന്ത്രണങ്ങൾ ബാധകമല്ല.

## 3. G.O.(Rt)No.391/2021/DMD Dated,30/04/2021

അവശ്യ സർവ്വീസുകൾക്കും ഇലക്ഷനുമായി ബന്ധപ്പെട്ടവർക്കും മാത്രം മെയ് 1, 2 തിയ്യതികളിൽ പ്രവർത്തിക്കാം.
കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളിലെ അവശ്യ സർവ്വീസുകൾ, **(Revenue & Disaster Management, Health, Home, LSGD, Civil Supplies, Transport, Animal Husbandry, Fire& Rescue, Industries, Forest, Labour, Social Justice, Factories & Boilers, KWA, KSEBL etc) and COVID 19 containment and management duties)** ഒഴികെയുള്ള വകുപ്പുകൾ അവശ്യജീവനക്കാരെ മാത്രം വെച്ച് പ്രവർത്തിപ്പിക്കാം. സെക്ടറൽ മജിസ്ട്രേറ്റുമാർക്ക് നിയന്ത്രണങ്ങൾ ബാധകമല്ല.

## 4. G.O.(Rt)No.397/2021/DMD Dated,03/05/2021

**Revenue & Disaster Management, LSGD, Police, Health and Health Care Institutions including laboratories and pharmacies, Labour, Factories and Boilers, Transport, Food & Civil Supplies, Government Press, Consumerfed, MILMA, KEPCO, Mathsyafed, etc. dealing with items of food, KWA, KSEBL, IT and ITeS services, Telecom Service Providers, Government Press, Postal Services, Internet Service Providers and Infrastructure Providers, All private Transport Agencies (passenger and goods) ,Courier Services and all those connected with the production, supply and distribution of medical items needed for health and COVID care (including Medical Oxygen).** എന്നിവ ഒഴികെയുള്ള എല്ലാ വകുപ്പുകളും പരമാവധി 25% ജീവനക്കാരെ വെച്ച് പ്രവർത്തിപ്പിക്കാം.

## 5. G.O.(Rt)No.394/2021/DMD Dated,03/05/2021

ഇനി ഒരു ഉത്തരവ് ഉണ്ടാവുന്നതു വരെ, അന്ധരെയും മറ്റ് ഭിന്നശേഷിക്കാരെയും ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിൽ

നിന്നും ഒഴിവാക്കി. ഇവരിൽ work from home ചെയ്യാൻ കഴിയുന്നവർക്ക് work from home നൽകാവുന്നതാണ്.

**6. G.O.(Rt)No.404/2021/DMD Dated, 06/05/2021**

മെയ് 8 മുതൽ മെയ് 16 വരെ സമ്പൂർണ്ണ ലോക്ക് ഡൌൺ.

**7. G.O.(Rt)No.406/2021/DMD Dated, 08/05/2021**

**Labour Department is also included in the exception category of Government of India establishments.**

**8. G.O.(Rt)No.416/2021/DMD Dated, 14/05/2021**

മെയ് 17 മുതൽ 23 വരെ ലോക്ക് ഡൌൺ.

**9. G.O.(Rt)No.432/2021/DMD Dated, 21/05/2021**

മെയ് 24 മുതൽ 30 വരെ ലോക്ക് ഡൌൺ.

**10. IGR/1978/2020-IT1 Dated 27/05/2021**

രജിസ്ട്രേഷൻ ഐ.ജി യുടെ ഉത്തരവ് - എല്ലാ സബ്ബ് രജിസ്ട്രാർ ഓഫീസുകളും പരമാവധി മൂന്ന് ജീവനക്കാരുടെ ഹാജർ ഉറപ്പാക്കിക്കൊണ്ട് പ്രവർത്തിക്കേണ്ടതാണ്. ഡെപ്യൂട്ടി ഇൻസ്പെക്ടർമാരുടെ ഓഫീസുകളും ജില്ലാ രജിസ്ട്രാർമാരുടെ ഓഫീസുകളും ഏറ്റവും കുറഞ്ഞ ജീവനക്കാരെ വെച്ച് പ്രവർത്തിക്കേണ്ടതാണ്.

**11. G.O.(Rt)No.444 /2021/DMD Dated, 29 May, 2021**

മെയ് 31 മുതൽ ജൂൺ 9 വരെ ലോക്ക് ഡൌൺ.
**Industrial establishments and production centres (including cashew, coir and printing) can function with minimum staff not exceeding 50% of the staff strength.**

**12. G.O.(Rt)No.448/2021/DMD Dated, 31/05/2021**

2021 ജൂൺ 7 മുതൽ, എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളിലെയും ജീവനക്കാർ, പരമാവധി 50% റൊട്ടേഷൻ അടിസ്ഥാനത്തിൽ ഹാജരാകണം.

**13. സ.ഉ.(സാധാ) നം.452/2021/DMD തീയതി, 03/06/2021**

ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഓട്ടിസം, സെറിബ്രൽ പാൾസി, മറ്റ് മാനസികവും ശാരീരികവുമായ വെല്ലുവിളികൾ

നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഗർഭിണികൾ, അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാവാൻ പോകുന്നവർ/വിധേയമായവർ (ഹൃദയ വാൽവ് മാറ്റിവെയ്ക്കപ്പെട്ടവർ ഉൾപ്പെടെ), ഒരു മാസത്തിനു മുമ്പ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളവരും വിധേയരാവാൻ പോകുന്നവരുമായ രോഗികൾക്ക് ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി ഒരു മാസത്തേക്കും ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്ന ജീവനക്കാരെയും ഓഫീസിൽ ഹാജരാവുന്നതിൽ നിന്നും ഒഴിവാക്കാം. ഇവരുടെ സാഹചര്യം വിലയിരുത്തി ഇവർക്ക് work from home രീതിയിൽ ജോലി തുടരാനുള്ള സൌകര്യം അതാത് മേലുദ്യോഗസ്ഥൻമാർ നൽകേണ്ടതും, work from home വ്യവസ്ഥയിൽ ജോലി ചെയ്യാൻ സൌകര്യം ലഭ്യമല്ലാത്ത ജീവനക്കാരുടെ കാര്യത്തിൽ, വ്യക്തിഗത അപേക്ഷകൾ പരിശോധിച്ചും സാഹചര്യങ്ങൾ വിലയിരുത്തിയും ബന്ധപ്പെട്ട മേലധികാരിക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. അവർ ഓഫീസിൽ ഹാജരാകാതിരുന്ന തിയ്യതികൾ പ്രത്യേക കാഷ്വൽ ലീവായി കണക്കാക്കാവുന്നതുമാണ്.

## 14. G.O.(Rt)No.455/2021/DMD Dated, 03/06/2021

എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളിലും മിനിമം ജീവനക്കാർ, പരമാവധി 50%, റൊട്ടേഷൻ അടിസ്ഥാനത്തിൽ ഹാജരാകണം എന്നത് ജൂൺ 10 മുതൽ എന്നാക്കി മാറ്റി.

## 15. സ.ഉ.(സാധാ) നം.456/2021/DMD തീയതി, 04/06/2021

ഒരു വയസ്സിന് താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെ അമ്മമാരായ ഉദ്യോഗസ്ഥർക്ക് ജോലിക്ക് നേരിട്ട് ഹാജരാകുന്നതിൽ നിന്നും അനുവദിച്ചിരുന്ന ഇളവ്, ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിലനിൽക്കുന്നതാണ്. ഇവർക്ക് work from home വ്യവസ്ഥയിൽ ജോലി തുടരാവുന്നതാണ്.

## 16. സ.ഉ.(സാധാ) നം.458/2021/DMD തീയതി, 05/06/2021

കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, കൃഷി ഭവനുകൾ അത്യാവശ്യം ജീവനക്കാരെ നിയോഗിച്ച് തുറന്നു പ്രവർത്തിപ്പിക്കാം.

## 17. G.O.(Rt)No.459/2021/DMD Dated, 07/06/2021

ജൂൺ 10 മുതൽ ജൂൺ 17 വരെ ലോക്ക് ഡൌൺ.
എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളിലും ജീവനക്കാർ, പരമാവധി 50% വരെ, റൊട്ടേഷൻ അടിസ്ഥാനത്തിൽ ഹാജരാകണം എന്നത് ജൂൺ 17 മുതൽ എന്നാക്കി മാറ്റി.

## 18. G.O.(Rt)No.467/2021/DMD Dated, 15/06/2021

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ A,B,C,D കാറ്റഗറിയായി തരംതിരിച്ച്, ജീവനക്കാർ ഹാജരാവുന്നതിന് നിബന്ധനകൾ ഏർപ്പെടുത്തി.
ഗവ. സെക്രട്ടേറിയറ്റ്, അക്കൌണ്ടന്റ് ഓഫീസ് എന്നിവ 50% ജീവനക്കാരെ വരെ നിയോഗിച്ച്, റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതാണ്.
ചില കേന്ദ്ര സർക്കാർ ഓഫീസുകൾ ആവശ്യമായ ജീവനക്കാരെ വെച്ച് പ്രവർത്തിക്കാവുന്നതാണ്.
സംസ്ഥാന സർക്കാരിനു കീഴിലുള്ള 33 വകുപ്പുകൾ ആവശ്യമായ ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.
അതേ സമയം, കാറ്റഗറി A യിലും B യിലും ഉൾപ്പെട്ട എല്ലാ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവൺമെന്റ് കമ്പനികൾ, കമ്മീഷനുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ റൊട്ടേഷൻ വ്യവസ്ഥയിൽ 25% ജീവനക്കാരെ നിയോഗിച്ചും, ഓഫീസിൽ ഹാജരാകാത്ത ജീവനക്കാർക്ക് work from home വ്യവസ്ഥയിലും പ്രവർത്തിക്കാവുന്നതാണ് എന്നും ഉത്തരവായി.

## 19. G.O.(Rt)No.479/2021/DMD Dated, 22/06/2021

കാറ്റഗറി A യിലും B യിലും 50 % വരെ എന്ന ക്രമത്തിലും കാറ്റഗറി C യിൽ 25% വരെ എന്ന ക്രമത്തിലും ജീവനക്കാർ ജോലിക്ക് ഹാജരാകണം.

ഷിനിൽ കുമാർ,
ജൂനിയർ സൂപ്രണ്ട്,
ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ഓഫീസ്,
പാലക്കാട്.